സി4/11235/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 03.05.2017

## സർക്കുലർ 3 /17

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - എസ്റ്റാ - പ്രൊബേഷൻ - അനദ്ധ്യാപക ജീവനക്കാർ - പ്രൊപ്പോസൽ അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 19-04-2017- ലെ യോഗ മിനിട്ട്സ്.

പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുവേണ്ടി അനദ്ധ്യാപക ജീവനക്കാരുടെ പ്രൊപ്പോസലുകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് അയയ്ക്കുമ്പോൾ ചുവടെപറയുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഡെപ്യൂട്ടി ഡയറക്ടർ/പ്രിൻസിപ്പാൾമാർ ഉറപ്പു വരുത്തേണ്ടതാണ്.

1. പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച പ്രൊഫോർമ.
2. GIS, SLI, GPF എന്നിവയിൽ അംഗമായി ചേർന്നതിന്റെ രേഖപ്പെടുത്തൽ സേവന പുസ്തകത്തിൽ വരുത്തി സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയത്.
3. പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികൾ പ്രയോജനപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവധി വിവരം പ്രത്യേക സ്റ്റേറ്റ്മെന്റ് ആക്കി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയത്. (മാതൃക ഉൾപ്പെടുത്തുന്നു അനുബന്ധം -1)
4. പ്രൊബേഷൻ കാലയളവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ജോലിനോക്കിയിരുന്നിട്ടുണ്ടോ ആ സ്ഥാപനങ്ങളിൽ നിന്നുള്ള സ്ഥാപന മേധാവി നൽകുന്ന ജീവനക്കാരന്റെ പ്രവൃത്തിയും സ്വഭാവവും സംബന്ധിച്ച സാക്ഷ്യപത്രം
5. 01-04-2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ NPS ൽ ചേർന്നതിന്റെ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയത്. (NPS ബാധകമായിട്ടുള്ളവരുടെ)
6. നിയമനം ക്രമീകരിച്ച വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
7. ആർജ്ജിതാവധി അക്കൗണ്ടും അർദ്ധ വേതനാവധി അക്കൗണ്ടും കണക്കാക്കി രേഖപ്പെടുത്തലുകൾ വരുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയത്.
8. സ്ഥാപനമേധാവി ജീവനക്കാരന്റെ/ ജീവനക്കാരിയുടെ സർവ്വീസ് വെരിഫിക്കേഷൻ നടത്തി സാക്ഷ്യപ്പെടുത്തിയത്.
9. സേവനപുസ്തകം.

ഒപ്പ്/-
എം.എസ്.ജയ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.സി. 4.05.2017

GOVERNMENT OF KERALA

17208